## 31–5–1986–ൽ ഉള്ള മിച്ചഭൂമി

658 [630] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 31–5–1986–ൽ സംസ്ഥാനത്ത് എത്ര ഹെക്ടർ മിച്ച ഭൂമി ഉണ്ടെന്നാണ് കണക്ക്;

(ബി) ഈ ഗവൺമെൻറ് അധികാരത്തിൽ വരുമ്പോൾ എത്ര ഹെക്ടർ മിച്ചഭൂമിയുണ്ടായിരുന്നു;

(സി) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നശേഷം 31–5–1986 വരെ എത്ര ഹെക്ടർ മിച്ചഭൂമി പുതിയതായി കണ്ടുപിടിച്ചു;

(ഡി) മിച്ചഭൂമി മുഴുവനും ഭൂരഹിതർക്ക് എന്നത്തേയ്ക്ക് വിതരണം ചെയ്തുകൊടുക്കാൻ കഴിയും?

### ഉത്തരം

(എ) 31–5–1986 വരെ താലൂക്ക് ലാൻറ് ബോർഡുകൾ 76,260 ഹെക്ടർ മിച്ചഭൂമിയായി പ്രഖ്യാപിച്ചതിൽ 26,667 ഹെക്ടർ ഭൂമി ഹൈക്കോടതിയുടെ ഉത്തരവ്, താലൂക്ക് ലാൻറ് ബോർഡുകളുടെ ഉത്തരവ് മുതലായ കാരണങ്ങളാൽ കുറവു ചെയ്തത് കഴിച്ച് ബാക്കി ഭൂമിയുടെ വിസ്തീർണ്ണം 49,593 ഹെക്ടർ ആണ്.

(ബി) ഈ ഗവൺമെൻറ് അധികാരത്തിൽവരുമ്പോൾ മൊത്തം മിച്ചഭൂമിയായി പ്രഖ്യാപിച്ചിരുന്നത് 66,001 ഹെക്ടർ ഭൂമിയാണ്, അതിൽ 17,046 ഹെക്ടർ ഹൈക്കോടതിയുടെ ഉത്തരവ്, താലൂക്ക് ലാൻറ് ബോർഡുകളുടെ പുതുക്കിയ ഉത്തരവ് മുതലായ കാരണങ്ങളാൽ കുറവു ചെയ്തതുകഴിച്ച് ബാക്കി ഭൂമിയുടെ വിസ്തീർണ്ണം 48,955 ഹെക്ടർ ഭൂമിയാണ്.

(സി) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നശേഷം 31–5–1986 വരെ 10,259 ഹെക്ടർ ഭൂമി മിച്ചഭൂമിയായി പ്രഖ്യാപിച്ചു.

(ഡി) ഏകദേശം 11,000 ഹെക്ടർ മിച്ചഭൂമി ഹൈക്കോടതിയിൽ നിലവിലുള്ള കേസുകളിൽ ഉൾപ്പെട്ടവയാണ്. ഈ കേസ്സുകൾ തീർച്ചയാകുന്ന മുറയ്ക്ക് മാത്രമേ അവ വിതരണം ചെയ്യാൻ സാധിക്കുകയുള്ളൂ. ആയതിനാൽ മിച്ചഭൂമി മുഴുവൻ ഒരു ക്ലിപ്ത തീയതിക്കകം വിതരണം ചെയ്തു തീർക്കുമെന്നു പറയാൻ സാദ്ധ്യമല്ല.

## ഈ സർക്കാർ ഏറെടുത്ത മിച്ചഭൂമി

659 [631] ശ്രീ. എം. വി. രാഘവൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എത്ര ഏക്കർ മിച്ചഭൂമി ഏറെടുത്തു;

(ബി) ജില്ലതിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കാമോ;

(സി) ഹരിജനങ്ങളും ഗിരിജനങ്ങളും ഉൾപ്പെടെ ഭൂരഹിതരായ എത്ര പേർക്ക് ഈ ഭൂമി വിതരണം ചെയ്തിട്ടുണ്ട്;

(ഡി) അനർഹരായ ആർക്കെങ്കിലും മിച്ചഭൂമി വിതരണം ചെയ്തു എന്ന് എന്തെങ്കിലും പരാതി സർക്കാരിൻറെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഉണ്ടെങ്കിൽ ഇതിനുത്തരവാദികളായവരുടെ പേരിൽ എന്തു നടപടി സ്വീകരിച്ചു?

ഉത്തരം

(എ) 13,647 ഏക്കർ.

(ബി) ജില്ല തിരിച്ചുള്ള കണക്ക് താഴെ കൊടുക്കുന്നു.

| ക്രമനമ്പർ | ജില്ല | ഏറ്റെടുത്ത മിച്ചഭൂമി |
|---|---|---|
| 1 | തിരുവനന്തപുരം | 265 ഏക്കർ |
| 2 | കൊല്ലം | 123 ,, |
| 3 | പത്തനംതിട്ട | 2 ,, |
| 4 | ആലപ്പുഴ | 646 ,, |
| 5 | കോട്ടയം | 120 ,, |
| 6 | ഇടുക്കി | 4,291 ,, |
| 7 | എറണാകുളം | 111 ,, |
| 8 | തൃശ്ശൂർ | 367 ,, |
| 9 | പാലക്കാട് | 1,752 ,, |
| 10 | മലപ്പുറം | 1,046 ,, |
| 11 | കോഴിക്കോട് | 765 ,, |
| 12 | വയനാട് | 1,936 ,, |
| 13 | കണ്ണൂർ | 1,796 ,, |
| 14 | കാസർകോഡ് | 427 ,, |
| | ആകെ | 13,647 ,, |

(സി) 1-5-1982 മുതൽ 31-5-1986 വരെ 9,732 ഏക്കർ ഭൂമി 33,392 പേർക്ക് വിതരണം ചെയ്തിട്ടുണ്ട്.

(ഡി) പീരുമേട് താലൂക്കിൽ 1985-ൽ വിതരണം നടത്തിയ മിച്ചഭൂമിയെപ്പറ്റി ചില പരാതികളും ലഭിച്ചതായി ഇടുക്കി ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്.

(ഇ) ബന്ധപ്പെട്ട റവന്യൂ ഉദ്യോഗസ്ഥൻമാരുടെ പേരിൽ വിജിലൻസ് അന്വേഷണം നടക്കുന്നുണ്ട്.

പീരുമേട് താലൂക്കിലെ മിച്ചഭൂമി വിതരണത്തിലെ ക്രമക്കേടുകൾ

660 [632] ശ്രീ. കെ. കെ. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) പീരുമേട് താലൂക്കിൽ മിച്ചഭൂമി വിതരണത്തിൽ ക്രമക്കേടുകൾ ഉണ്ടായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം;

(സി) ഇത് പരിഹരിക്കുന്നതിന് ഇപ്പോൾ എന്തു നടപടി സ്വീകരിച്ചുവരുന്നു?

ഉത്തരം

(എ, ബി, സി) വിജിലൻസ് അന്വേഷണം നടന്നുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly